"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അനുഷീൽ.പി.എ, കൺസൾട്ടന്റ് (ജനറൽ സർജറി) - ജോലിക്രമീകരണ വ്യവസ്ഥയിൽ നൽകിയ നിയമനം - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1631/2025/H&FWD തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.04.2025 തീയതിയിലെ ഇബി-2/9113/2025/ആവഡ നമ്പർ നടപടിക്രമം
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.04.2025-ലെ ഇബി2-27572/2024/ആവഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വടകര ജില്ലാ ആശുപത്രിയിലെ ജനറൽ സർജറി വിഭാഗത്തിലെ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (1) നടപടിക്രമ പ്രകാരം കോഴിക്കോട് ജനറൽ ആശുപത്രിലെ ജനറൽ സർജറി വിഭാഗത്തിലെ കൺസൾട്ടന്റ് ഡോ.അനുഷീൽ.പി.എ.-യെ ആഴ്ചയിൽ 3 ദിവസം വീതം 3 മാസത്തേയ്ക്കോ, ഒഴിവുള്ള കൺസൾട്ടന്റ് തസ്തികയിൽ പകരം നിയമനം നടക്കുന്നതുവരേയോ ഏതാണ് ആദ്യം അതുവരെ, സർക്കാർ സാധൂകരണത്തിന് വിധേയമായി വടകര ജില്ലാ ആശുപത്രിയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് സാധൂകരിച്ച് നൽകുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജനറൽ ആശുപത്രിലെ ജനറൽ സർജറി വിഭാഗം കൺസൾട്ടന്റ് ഡോ.അനുഷീൽ.പി.എ.-യെ ആഴ്ചയിൽ 3 ദിവസം വീതം 3 മാസത്തേക്ക് വടകര ജില്ലാ ആശുപത്രിയിൽ നിയമിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (1) നടപടിക്രമം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.
ഡോ.അനുഷീൽ.പി.എ, കൺസൾട്ടന്റ് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/204/2025/ആകുവ)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 12-06-2025 11:40:15

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം.ഇബി2-9113/2025, ആവഡ, തിയതി:13/06/2025**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Joy T Philip
Date: 17-06-2025 16:23:22
ആരോഗ്യവകുപ്പ്ഡയറക്ടർക്കുവേണ്ടി